പത്രക്കുറിപ്പ്

കേരള സാഹിത്യ അക്കാദമി,
തൃശ്ശൂർ. 18-01-2010.

## ഗ്രന്ഥരചനയ്ക്ക് കേരള സാഹിത്യ അക്കാദമി സ്കോളർഷിപ്പ്

കേരള സാഹിത്യ അക്കാദമിയുടെ ഗ്രന്ഥശേഖരവും മാസികശേഖരവും പ്രയോജനപ്പെടുത്തി മലയാള ഭാഷയേയും സാഹിത്യത്തേയും കേരള സംസ്കാരത്തേയും ചരിത്രത്തേയും സംബന്ധിച്ച ഗവേഷണപ്രബന്ധങ്ങൾ, ബിബ്ളിയോഗ്രാഫികൾ എന്നിവ തയ്യാറാക്കുന്നതിന് അക്കാദമി സ്കോളർഷിപ്പ് നൽകാൻ തീരുമാനിച്ചിരിക്കുന്നു. ഒരു വർഷത്തേയ്ക്കാണ് സ്കോളർഷിപ്പ് കാലാവധി. പ്രതിമാസം 2,000/-രൂപ (രണ്ടായിരം രൂപ മാത്രം) സ്കോളർഷിപ്പായി നൽകും. കൂടാതെ ഗവേഷണപ്രബന്ധം/ബിബ്ളിയോഗ്രാഫി തയ്യാറാക്കുന്നതിന് ആവശ്യമായ വസ്തുതകൾ ശേഖരിക്കുന്നതിനും മറ്റുമായി യാത്ര ചെയ്യുന്നതിന് ഗവേഷണ കാലയളവിൽ 2,000/- രൂപയിൽ കവിയാത്ത തുക യാത്രാബത്തയായി നൽകുന്നതാണ്.

ആറു പേർക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. അപേക്ഷകർ ബിരുദധാരികൾ ആയിരിക്കണം. എന്നാൽ സാഹിത്യ ഗവേഷണത്തിലും ബിബ്ളിയോഗ്രാഫി നിർമാണത്തിലും ക്രിയാത്മക സംഭാവനകൾ നൽകിയവരെ സംബന്ധിച്ചിടത്തോളം ഈ നിയമത്തിൽ അയവു വരുത്തുവാൻ നിർവ്വാഹക സമിതിക്ക് അധികാരം ഉണ്ടായിരിക്കും. അക്കാദമി നിയോഗിക്കുന്ന ഗൈഡിന്റെ കീഴിലായിരിക്കണം ഗവേഷണം നടത്തേണ്ടത്. അക്കാദമി നിർദ്ദേശിക്കുന്ന വിഷയത്തെ അടിസ്ഥാനമാക്കി സ്വന്തമായി തിരഞ്ഞെടുക്കുന്ന വിഷയത്തിന്റെ അടിസ്ഥാനത്തിൽ അക്കാദമി ഗ്രന്ഥ-മാസികശേഖരങ്ങൾ ഉപയോഗിച്ച് പഠനം തയ്യാറാക്കുന്നതിന് മൂന്ന് പേരെയും സ്വന്തമായി തിരഞ്ഞെടുക്കുന്ന വിഷയത്തിന്റെ അടിസ്ഥാനത്തിൽ ഗവേഷണം നടത്തുന്നതിന് രൂപരേഖ തയ്യാറാക്കി നൽകുന്ന മൂന്നു പേരെയും തെരഞ്ഞെടുക്കുന്നു ഒന്നോ രണ്ടോ വിഷയങ്ങൾ അപേക്ഷകന് തന്നെ നിർദ്ദേശിക്കാം. അക്കാദമി നിർദ്ദേശിക്കുന്ന വിഷയത്തിന്റെ അടിസ്ഥാനത്തിൽ ഗവേഷണം നടത്തുന്നതിന് തയ്യാറുള്ളവർ അപേക്ഷ ഫോമിൽ ഇതിനുള്ള സമ്മതം അറിയിക്കേണ്ടതാണ്.

താല്പര്യമുള്ളവർ അപേക്ഷാഫോറത്തിനായി 5 രൂപയുടെ സ്റ്റാമ്പൊട്ടിച്ച് മേൽവിലാസമെഴുതിയ കവർസഹിതം സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ 680020 എന്ന വിലാസത്തിൽ എഴുതേണ്ടതാണെന്ന് അക്കാദമി സെക്രട്ടറി പുരുഷൻ കടലുണ്ടി അറിയിക്കുന്നു. പൂരിപ്പിച്ച അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2010 ഫെബ്രുവരി 15 ആണ്.

പുരുഷൻ കടലുണ്ടി
സെക്രട്ടറി